## പതിമൂന്നാം കേരള നിയമസഭ

## 10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2603 — 27/01/14-ൽ മറുപടിയ്ക്ക്

## തിയേറ്റർ മെക്കാനിക്കിന്റെ ഒഴിവുകൾ

| ചോദ്യം<br><br>ശ്രീ. വി. ശിവൻകുട്ടി | | ഉത്തരം<br><br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ വിവിധ ജില്ലകളിൽ ആരോഗ്യ വകുപ്പിലെ ഡി.എം.ഇ., ഡി.എച്ച്.എസ്. എന്നിവയിലെ ആശുപത്രികളിൽ തിയേറ്റർ മെക്കാനിക്കിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിന് കീഴിൽ തിയേറ്റർ മെക്കാനിക്കിന്റെ ഒഴിവുകൾ ഒന്നും നിലവിലില്ല. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിയേറ്റർ മെക്കാനിക്കിന്റെ 6 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) | ദ്വിതല നിയന്ത്രണം ഒഴിവാക്കുന്നതിന് മുമ്പ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൻ കീഴിൽ ഉണ്ടായിരുന്ന തിയേറ്റർ മെക്കാനിക്കിന്റെ നിലവിലുള്ള മൂന്ന് ഒഴിവുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ദ്വിതല നിയന്ത്രണം ഒഴിവാക്കിയതുമൂലം മേൽ തസ്തികകൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കൈമാറ്റം ചെയ്യുകയുണ്ടായി. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റും രണ്ടു വ്യത്യസ്ത വകുപ്പുകൾ ആയതിനാൽ മേൽ പരാമർശിച്ച തിയേറ്റർ മെക്കാനിക്കിന്റെ മൂന്ന് ഒഴിവുകൾ ഉൾപ്പെടെ നിലവിലുള്ള 6 ഒഴിവുകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. |
| (സി) | നിലവിൽ പ്രസ്തുത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ അവരുടെ വിശദാംശങ്ങൾ ആശുപത്രി തിരിച്ച് ലഭ്യമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | പ്രസ്തുത തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; | (ഡി) | ഉണ്ട് |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്താതിരിക്കുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (ഇ) | ദ്വിതല നിയന്ത്രണം ഒഴിവാക്കിയതുമൂലം ആരോഗ്യ വകുപ്പിൻ കീഴിൽ ഉണ്ടായിരുന്ന തിയേറ്റർ മെക്കാനിക്കുകളുടെ ഒഴിവുള്ള തസ്തികകൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കൈമാറ്റം ചെയ്തതു മൂലം പ്രസ്തുത തസ്തികകളുടെ നിയമനരീതി, യോഗ്യത എന്നിവ ലഭ്യമല്ലാതിരുന്നതിനാലാണ് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്താതിരുന്നത്. |

Anup

സെക്ഷൻ ഓഫീസർ.